വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2021
ഒക്ടോബർ 31


പള്ളിക്കൂദാശ ഒന്നാം ഞായർ



# അധികാരം

## കൈപ്പറ്റാം, കൈയാളാം

ഏശ 6:1-8, 1 കോറി 13:1-13, മത്താ 16:13-19


**ഷൈജു വി. കളത്തിൽ**


ഒരു വൈകുന്നേരം പള്ളിനടയിലെ പതിവു വെടിവട്ടത്തിനിടെ വികാരിയച്ചനെ കുറ്റം പറയുകയായിരുന്നു ഒരു മതാദ്ധ്യാപകൻ. നീണ്ട കുറ്റപത്രം അവതരിപ്പിച്ചു തിരിഞ്ഞു നോക്കുമ്പോഴുണ്ട്, ചമ്പകപ്പൂമരത്തിന്റെ നിഴലിൽ നിൽക്കുന്നു, എല്ലാം കേട്ടുകൊണ്ടു വികാരിയച്ചൻ. ബുദ്ധിമാനായ ജോൺസൻമാഷ് അച്ചൻ-കുറ്റങ്ങളുടെ പട്ടികയ്ക്കൊടുവിൽ ഒരു വാചകം കൂട്ടിച്ചേർത്തു, "എന്നു ജനം പറയുന്നു."

പരദൂഷണകഥകൾ വിളമ്പിക്കൊണ്ടു ആ നാട്ടുകാർ അവസാനം ഇപ്രകാരമൊരു വാക്യം കൂട്ടിച്ചേർക്കുന്നതു പിൽക്കാലത്തു പതിവായി: "എന്നു ജോൺസൻ മാഷു പറയുന്നു." ജനമെന്ന വാക്കിന് ഒരു പര്യായമായി മാഷിന്റെ പേര്. മാത്രവുമല്ല, പറഞ്ഞ കാര്യങ്ങളൊക്കെ വെറുതെ 'ജനം പറയുന്നതാണ്' എന്ന മുൻകൂർ ജാമ്യവുമുണ്ടതിൽ. അതായതു, ആ കാര്യങ്ങൾ കഴമ്പില്ലാത്തതാണെന്നു വരാം. ജനത്തിനു പരദൂഷണപ്രിയനായ മാഷിനെയും മാഷിനു പരദൂഷണപ്രിയരായ ജനത്തിനെയും പകരം വച്ച് ജനം പരദൂഷണം തുടരുന്നു.

ജനം പലതും പറയും, പക്ഷേ നിങ്ങൾ എന്തു പറയുന്നു എന്ന ചോദ്യത്തിനു പത്രോസ് ഉത്തരമേകുകയാണ് ഇന്നത്തെ സുവിശേഷത്തിൽ. "ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു." എന്നു പത്രോസ് ശരിയുത്തരം നൽകി. പക്ഷേ, പത്രോസ് പഠിച്ചുണ്ടാക്കിയ അറിവുകൊണ്ടല്ല, സ്വർഗസ്ഥനായ പിതാവ് നൽകിയ വെളിപ്പെടുത്തൽ കൊണ്ടാണ് ഈയുത്തരം പത്രോസിനു ലഭിച്ചതെന്നു അവിടുന്ന് ഉടൻ തന്നെ പത്രോസിനെ ബോദ്ധ്യപ്പെടുത്തുന്നു. തുടർന്നാണ് പത്രോസാകുന്ന പാറമേൽ പള്ളി പണിയുമെന്ന പ്രഖ്യാപനം.

പത്രോസ് പാറയാകുന്നത് പത്രോസിന്റെ വ്യക്തിപരമായ മികവല്ല.

അൽപം അറിവു നേടുന്നവനിൽ അറിയുന്നവന്റെ അഹങ്കാരം അങ്കുരിക്കുന്നു. അഹങ്കാരിയാകുന്നതോടെ അവൻ അറിവിൽ നിന്ന് അകലുകയാണ്. അറിവ് അനുഭവമാകുകയാണെങ്കിൽ, അഥവാ, അനുഭവിച്ചറിയുകയാണെങ്കിൽ അഹങ്കാരം അലിഞ്ഞു പോകും. രക്ഷകനായ മിശിഹായെ പത്രോസ് അനുഭവത്തിലറിയുകയും അനുഭവിച്ചറിയുകയും ചെയ്യുന്നു. ആത്മാവിൽ നിവേശിതമായ ആഴമേറിയ ആ

അറിവാണ്, അഥവാ അനുഭവമാണ് പത്രോസിനെ പാറയാക്കുന്നത്. രക്ഷ തേടുന്നവരുടെ കൂട്ടായ്മ പടുത്തുയർത്തപ്പെടാൻ മാത്രം ഭദ്രമാണ് ആ പാറ.

## അഹം ബ്രഹ്മാസ്മി / തത്വമസി

ഞാനാര് എന്നും നീയാര് എന്നും ഉരുവായ കാലം മുതൽ മനുഷ്യരന്വേഷിക്കുന്നുണ്ട്. എന്റെ അസ്തിത്വത്തിന് അർത്ഥമുണ്ടോയെന്ന് ഒരു വശത്തും തന്റെ അസ്തിത്വത്തിന് അർത്ഥം പകരുന്ന മറ്റൊരസ്തിത്വം /ദൈവം തനിക്കു പുറത്തുണ്ടോ എന്നു മറുവശത്തും അവരാരായുന്നു. ആർഷവേദങ്ങൾ അതിനുത്തരം പറയാൻ ശ്രമിക്കുന്നുണ്ട്. വേദങ്ങളിലെ നാലു മഹാവാക്യങ്ങൾ ചുരുക്കമായി അതിന്റെ ഉത്തരങ്ങളാണ്.

'അയമാത്മാ ബ്രഹ്മ' (അഥർവവേദത്തിലെ മാണ്ഡൂക്യോപനിഷത്ത്), 'തത്ത്വമസി' (സാമവേദത്തിലെ ഛാന്ദോഗ്യോപനിഷത്ത്), 'പ്രജ്ഞാനം ബ്രഹ്മ' (ഋഗ്വേദത്തിലെ ഐതരേയോപനിഷത്ത്), 'അഹം ബ്രഹ്മാസ്മി' (യജുർ വേദത്തിലെ ബൃഹദാരണ്യകോപനിഷത്ത്) എന്നിവയാണ് നാലു വേദമഹാവാക്യങ്ങൾ.

ഈ ജീവാത്മാവു തന്നെയാണു ബ്രഹ്മമെന്ന് 'അയമാത്മാ ബ്രഹ്മയും' ശുദ്ധബോധമാണു ബ്രഹ്മമെന്നു 'പ്രജ്ഞാനം ബ്രഹ്മയും' അർത്ഥമാക്കുന്നു. 'അഹം ബ്രഹ്മാസ്മി'യെന്നാൽ ഞാൻ ബ്രഹ്മമാകുന്നു എന്നും 'തത്വമസി' എന്നാൽ അതു (ബ്രഹ്മം) നീ തന്നെ എന്നുമാണ് അർത്ഥം. ബ്രഹ്മമെന്നാൽ നാം തേടുന്ന ദൈവം, നമ്മെ തേടുന്ന ദൈവം, ഈ പ്രപഞ്ചമാകെ നിറഞ്ഞു നിൽക്കുന്ന ജീവചൈതന്യം.

ശ്വേതകേതു എന്ന മുനികുമാരകനു പിതാവായ ഉദ്ദാലകൻ ഉപദേശിക്കുന്ന വാക്യമാണു തത്വമസി. വേദം പഠിച്ച് എന്തൊക്കെയോ അറിവു നേടി എന്ന ഗർവുമായി വരുന്ന ശ്വേതകേതുവിനെ വിനീതനാക്കാൻ ഉദ്ദാലകൻ പല പരീക്ഷണങ്ങളിലൂടെ അവനെ കടത്തിവിടുന്നു. അറിഞ്ഞതൊന്നും ഒന്നുമല്ലെന്നു മനസ്സിലാക്കി കഴിയുമ്പോൾ, അറിവിന്റെ സത്ത നിന്നിൽ തന്നെയുണ്ടെന്ന് അവനെ ഉപദേശിക്കുകയാണ് ഉദ്ദാലകൻ. കല്ലും മുള്ളും ചവിട്ടി, കാടും മേടും താണ്ടി അയ്യപ്പസ്വാമിയെ തേടി വരുന്ന തീർത്ഥാടകരോടു ശബരിമലമുകളിലെ കാനനക്ഷേത്രം മുഖത്തു നോക്കി പറയുന്ന വാക്യമാണത് തത്വമസി  അതു നീയാണ്. വേറെ വാക്കുകളിൽ ബൈബിളും മനുഷ്യരിലുള്ള ബ്രഹ്മത്തെ / ദൈവികതയെ ദ്യോതിപ്പിക്കുന്നുണ്ട്.

## ഞാനാര് / നീയാര്?

ഞാനാരാണ് എന്നു ക്രിസ്തു പത്രോസിനോടുന്നയിക്കുന്ന ചോദ്യവും പത്രോസ് നൽകുന്ന ഉത്തരവും കേവലം തത്വചിന്താപരമല്ല. പ്രവാചകന്മാർക്കു വലിയ പ്രാധാന്യം കൽപിച്ചിരുന്ന ജനങ്ങൾ ക്രിസ്തുവിനെ പ്രവാചകനെന്നു വിളിച്ചത് കുറച്ചു കാണൽ അല്ല. എന്നാൽ, ക്രിസ്തുവിനെ കൂടുതൽ അടുത്തറിഞ്ഞ ശിഷ്യന്മാർക്ക് പ്രവാചകന്മാരിലുപരിയാണു ക്രിസ്തു എന്നത് അനുഭവപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ ചോദ്യവും പത്രോസിന്റെ ഉത്തരവും ആ അനുഭവത്തെ ആഴപ്പെടുത്തുന്നു.

ദൈവപുത്രനെ കുറിച്ചുള്ള അറിവ്, താനാരാണെന്ന അറിവും പത്രോസിനു പകരുന്നുണ്ട്. താൻ ഭാഗ്യവാനാണെന്നും പാറയാണെന്നും പത്രോസ് മനസ്സിലാക്കുന്നു. തന്റെ ചുമതലകളും അധികാരങ്ങളും ക്രിസ്തു പത്രോസിനെ ബോദ്ധ്യപ്പെടുത്തുന്നു. ക്രിസ്തു ആരാണെന്ന് അറിയുന്നവൻ അടുത്തതായി താനാരാണെന്നും അറിയും. ദൈവത്തെ അറിയുന്നവൻ തന്നെത്തന്നെയും അറിയുന്നു. നീയാരാണെന്ന ചോദ്യത്തിനുത്തരമായി ഞാനാരാണെന്ന അറിവും ലഭ്യമാകുന്നു.

## അറിവിന്റെ അധികാരം, സ്നേഹത്തിന്റെയും

ദൈവബോധത്തിന്റെയും ആത്മബോധത്തിന്റെയും ഫലമാണ് പത്രോസിനു ലഭിക്കുന്ന കെട്ടാനും അഴിക്കാനുമുള്ള അധികാരം. തന്നെയും ദൈവത്തെയും തന്നിലുള്ള ദൈവത്തെയും ദൈവത്തിലുള്ള തന്നെയും മനസ്സിലാക്കിക്കഴിയുമ്പോൾ കരഗതമാകുന്ന ഈ അധികാരം, ആത്മീയമായ അധികാരമാണ്. അതു വിനിയോഗിക്കേണ്ടത് അതിനു ചേർന്ന വിധത്തിലുമാണ്.

പത്രോസിന്റെ പ്രഖ്യാപനത്തിനൊപ്പം ഇന്നത്തെ വായനയ്ക്കു സഭ നിർദേശിച്ചിരിക്കുന്നത് സ്നേഹം സർവോത്കൃഷ്ടമെന്ന ലേഖനഭാഗമാണ്. സഭ സ്ഥാപിതമായിരിക്കുന്ന പാറയ്ക്കും അതിന്റെ സംവിധാനങ്ങൾക്കും സ്വന്തം അധികാരത്തെയും ചുമതലകളെയും കുറിച്ച് ഉണ്ടായിരിക്കേണ്ട ധാരണ ഈ സ്നേഹസങ്കീർത്തനം വിശദീകരിക്കുന്നുണ്ട്. പാറയുടെ കരുത്തിലോ പാരമ്പര്യത്തിലോ മഹിമയിലോ അറിവിലോ അഹങ്കരിക്കാൻ യാതൊന്നുമില്ല. എന്തിന്, സ്വന്തം വിശുദ്ധി പോലും ഒരളവിനപ്പുറം പ്രയോജനകരമല്ല. സ്നേഹമാണു സർവപ്രധാനം.

സ്വർഗത്തിന്റെ താക്കോൽക്കൂട്ടവുമായി, എന്തു വേണമെങ്കിലും കെട്ടാനും അഴിക്കാനുമുള്ള അധികാരവുമായി ഇരിക്കുന്നവരാണെന്ന അറിവിന്റെ ഗർവ് എന്ന് ക്രിസ്തു സ്ഥാപിച്ച സഭയിലേയ്ക്കു വരുന്നുവോ അന്ന് ആ അധികാരം സ്വയം റദ്ദാക്കപ്പെടും. ഉപാധികളില്ലാതെയല്ല സഭയെ ക്രിസ്തു അധികാരപ്പെടുത്തിയിരിക്കുന്നത്. വഴിയാത്രികർക്ക് അഭയമേകുന്ന സത്രവും മുറിവേറ്റവരെ പക്ഷം നോക്കാതെ പരിചരിക്കുന്ന യുദ്ധഭൂമിയിലെ ആസ്പത്രിയും ആയിരിക്കുന്നിടത്തോളം മാത്രമേ സഭയ്ക്ക് ഈ അധികാരവും സ്ഥാനവും ഉണ്ടായിരിക്കുകയുള്ളൂ.

ദൈവമാരെന്നും താനാരെന്നും മനസ്സിലാക്കിക്കൊണ്ട്, സ്വന്തം കടമകളും ആനുകൂല്യങ്ങളും കൈപ്പറ്റാനും കൈയാളാനും സഭാംഗങ്ങളായ നമുക്കോരോരുത്തർക്കും സാധിക്കണം. അപ്പോൾ സഭ ക്രിസ്തുവിന്റെ ശരീരമാകുകയും രക്ഷാകരകർമ്മത്തിൽ പങ്കാളിയാകുകയും ചെയ്യും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com